# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5179

06.02.2014 - ൽ
മറുപടിയ്ക്ക്

## സബ് ഇൻസ്പെക്ടർ നിയമനത്തിൽ വനിതകൾക്ക് ആനുപാതിക പ്രാതിനിധ്യം

**ചോദ്യം**

**ശ്രീ. രാജു എബ്രഹാം**

(എ) സംസ്ഥാന പോലീസ് സേനയിൽ ഐ.പി.എസ് ഒഴികെ ആകെയുള്ള പോലീസുകാരുടെ (ഓഫീസർമാരടക്കം) എണ്ണം എത്രയാണ്; ഇതിൽ എത്ര പേർ വനിതകളാണ്; സംസ്ഥാന പോലീസ് സേനയുടെ എത്ര ശതമാനമാണ് ഇത്; റാങ്ക് തിരിച്ച് ഇവരുടെ എണ്ണവും അതത് കാറ്റഗറികളിലെ ശതമാനവും ലഭ്യമാക്കാമോ;

**ഉത്തരം**

**ശ്രീ. രമേശ് ചെന്നിത്തല**
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

(എ) സംസ്ഥാന പോലീസ് സേനയിൽ ഐ.പി.എസ് ഒഴികെ ആകെയുള്ള പോലീസുകാരുടെ എണ്ണം 46201 ആണ് (ഡ്രൈവർ, ടെക്നിക്കൽ കാറ്റഗറി ഉൾപ്പെടുത്താതെ). ഇതിൽ 3012 പേർ വനിതകളാണ്. ഇത് സംസ്ഥാന പോലീസ് സേനയുടെ 6.5% ആണ്. റാങ്ക് തിരിച്ചുള്ള വനിതാ പോലീസുകാരുടെ എണ്ണവും അതത് കാറ്റഗറികളിലെ ശതമാനവും ചുവടെ ചേർത്തിരിക്കുന്നു.

| തസ്തിക | വനിതാ പോലീസുകാരുടെ പ്രാതിനിധ്യം | |
|---|---|---|
| | എണ്ണം | ശതമാനം |
| വനിതാ ഡി.വൈ.എസ്.പി | 1 | 0.29% |
| വനിതാ സി.ഐ | 23 | 4.69% |
| വനിതാ എസ്.ഐ | 59 | 2.4% |
| വനിതാ എച്ച്.സി | 167 | 1.88% |
| വനിതാ പി.സി | 2762 | 8.64% |

(ബി) സ്സംസ്ഥാന പോലീസ് സേനയിലേക്ക് സബ്ഇൻസ്പെക്ടർമാരെ നേരിട്ട് തെരഞ്ഞെടുക്കുമ്പോൾ അതിൽ എത്ര ശതമാനമാണ് വനിതകൾക്കായി നീക്കിവെക്കാറുള്ളത്; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വനിതാ എസ്.ഐ മാരെ നേരിട്ട് റിക്രൂട്ട് ചെയ്യാത്തത് എന്ന് വ്യക്തമാക്കാമോ;

(സി) ജനസംഖ്യാ കണക്കു പ്രകാരം പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളുള്ള കേരളത്തിൽ, പോലീസ് സേനയിലേക്ക് എസ്.ഐ. മാരെ നേരിട്ട് റിക്രൂട്ട് ചെയ്യുമ്പോൾ അതിൽ നിശ്ചിത ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്യാനും അടുത്ത റിക്രൂട്ട്മെന്റ് മുതൽ ഇത് നടപ്പാക്കാനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി) & (സി) നേരിട്ടുള്ള എസ്.ഐ നിയമനത്തിന് വനിതകൾക്ക് ശതമാനം കണക്കാക്കിയിട്ടില്ല. വനിതകളെ നേരിട്ട് എസ്.ഐ തസ്തികയിൽ തിരഞ്ഞെടുക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ പി.എസ്.സി തുടങ്ങിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**